## KIDS CORNER

# അവനവൻ കുഴിച്ച കുഴിയിലവനവൻ തന്നെ

ഹിഡിംബവനത്തിലെ സിംഹരാജാവായ വിക്രമൻ അനന്തരാവകാശികളില്ലാതെ ചത്തു. അഹങ്കാരിയായ ചടയൻ കടുവ, സൂത്രശാലിയായ പൊടിയൻ കുറുക്കൻ, ചതിയനായ കോമൻ പുലി, ദുഷ്ടനായ നീലാണ്ടൻ കടുവ എല്ലാവരും രാജസ്ഥാനം മോഹിച്ച് തന്ത്രങ്ങൾ മെനഞ്ഞുതുടങ്ങി. രാജാവിന്റെ വിശ്വസ്ത ഭൃത്യനായ കുട്ടൻ കുരങ്ങൻ ഇതെല്ലാം കണ്ടും കേട്ടും വിഷമചിത്തനായി. കാട്ടിലെ മറ്റ് അന്തേവാസികൾ ഭയവിഹ്വലരായി കഴിഞ്ഞു ദുഷ്ടനും തന്ത്രശാലിയുമായ നീലാണ്ടൻ കടുവ എല്ലാവരെയും ഭീഷണിപ്പെടുത്തി രാജസ്ഥാനം തട്ടിയെടുത്തു. അധികാരത്താൽ ഉന്മത്തനാക്കപ്പെട്ട നീലാണ്ടൻ മറ്റു മൃഗങ്ങളെ ഭയപ്പെടുത്തി കാര്യങ്ങൾസാധിച്ചു. കൊല്ലും കൊലയും ചതിവും വഞ്ചനയും ഉപയോഗിച്ച് മറ്റു മൃഗങ്ങളെ അവൻ ഭയപ്പെടുത്തി. രാജാവിന്റെ ദുർഭരണത്തിൽ നിന്നും എങ്ങനെ രക്ഷപെടാം എന്ന് പ്രജകൾ ആലോചിച്ചു തുടങ്ങി. അവർ പൊടിയനെ സമീപിച്ചു. രാജസിംഹസനം സ്വപ്നം കണ്ട ചതിയന്മാർ - ചടയൻ, പൊടിയൻ, കോമൻ - ഒത്തുകൂടി. നിലാണ്ടന്റെഭരണം എങ്ങനെ അവസാനിപ്പിക്കുവാൻ കഴിയും എന്ന് ഈ മൂവർ സംഘം അലോചന നടത്തി. സൂത്രശാലിയായ കുറുക്കനെ പദ്ധതി നടപ്പാക്കുവാനുള്ള ചുമതല ഏല്പ്പിച്ചു.



പൊടിയൻ കുറുക്കൻ കാര്യമായി ചിന്തിച്ചു തുടങ്ങി നീലാണ്ടനെ മാത്രമല്ല ചടയനേയും കോമനേയും ഇല്ലാതാക്കിയാൽ ....................... ഹായ് ..................... ഞാൻ രാജാവാകും. അവന്റെ സന്തോഷത്തിനതിരില്ലായിരുന്നു. അടുത്ത പൗർണ്ണമിരാവിൽ ഒരു സദ്യ ക്രമീകരിക്കുക. കാട്ടിൽ പ്രത്യേകതരം വിഷകായ് ഉള്ളത് പൊടിച്ച്

നീലാണ്ടന്റെ ആഹാരത്തിലിടുക എന്നതായിരുന്നു മൂവർ സംഘത്തിന്റെ പദ്ധതി. രാജാവിനെ മുഖം കാണിക്കാൻചെന്ന സംഘം തങ്ങൾ ഒരുക്കുന്ന വിരുന്നിലേക്ക് അദ്ദേഹത്തെ ക്ഷണിച്ചു. കാരണം അദ്ദേഹത്തോട് അവർ പറഞ്ഞത്, " യജമാനനെ അങ്ങയുടെ സൽഭരണത്തിൽ സന്തുഷ്ടരായ ഞങ്ങൾ അങ്ങയുടെ ബഹുമാനാർത്ഥമാണ് ഈ വിരുന്ന് ക്രമീകരിച്ചത്". സന്തുഷ്ടനായ രാജാവ് വിരുന്നിൽ പങ്കുകൊള്ളാമെന്ന് സമ്മതിച്ചു.

വിരുന്നു ദിവസം സമാഗതമായി. രാജസിംഹാസനം സ്വപ്നം കണ്ട മൂവർ സംഘം പരസ്പരം അറിയിക്കാതെ വിരുന്നിനായി കരുതിയ സൂപ്പുപാത്രത്തിൽ വിഷക്കായ് പൊടിച്ചുചേർത്തു. പൊടിയൻ, കോമൻ, ചടയൻ, നീലാണ്ടൻ എല്ലാം അലറി വിളിച്ച് നിലത്തുകിടന്ന് ഉരുളുകയും ഛർദ്ദിക്കയും ചെയ്യുവാൻ തുടങ്ങി.

വിവരമറിഞ്ഞെത്തിയ കുട്ടൻ കുരങ്ങനും കൂട്ടർക്കും അവരെ രക്ഷിക്കാൻ കഴിഞ്ഞില്ല. ദുഷ്ടന്മാരുടെ അവസാനം കാട്ടിലെ പ്രജകളെ സന്തുഷ്ടരാക്കി. അവർ ഒത്തുകൂടി കുട്ടനെ രാജാവായി പ്രഖ്യാപിച്ചു. രാജസിംഹസനത്തിലേറിയ കുട്ടൻ നിറകണ്ണുകളോട് എല്ലാവർക്കും നന്ദി പറഞ്ഞു. ദൈവം ഓരോരുത്തനും അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു. കുട്ടൻ കാട്ടിൽ വളരെ ഭംഗിയായി ഭരണം നടത്തി.


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind